## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. * 97

28 .04.2017-ൽ
മറുപടിയ്ക്ക്

## ഭൂനിയമ പരിഷ്ക്കരണം

**ചോദ്യം**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. മുല്ലക്കര രത്നാകരൻ**
**ശ്രീ. ജി. എസ്. ജയലാൽ**
**ശ്രീ. കെ. രാജൻ**

**മറുപടി**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി**

(എ) നിലവിലുള്ള ഭൂനിയമങ്ങളിൽ പലതും ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;

(ബി) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) സാധാരണക്കാർക്ക് പ്രയോജനകരമായ രീതിയിൽ ഭൂനിയമങ്ങൾ പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ) , (ബി) & (സി) ഭൂപരിഷ്കരണ നിയമവും മറ്റ് ഭൂനിയമങ്ങളും നടപ്പിലാക്കുമ്പോൾ പ്രായോഗികമായി സാധാരണക്കാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടോ എന്നുള്ളത് വിശദമായ പഠനത്തിന് വിധേയമാക്കി ബന്ധപ്പെട്ട കക്ഷികളുമായും മറ്റും പല തലത്തിൽ ചർച്ച ചെയ്ത് മാത്രമേ പ്രസ്തുത നിയമങ്ങൾ പരിഷ്കരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ ഇത് സംബന്ധിച്ചുള്ള നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട ചില നിയമങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ നിയമ വകുപ്പ് മുഖാന്തിരം സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

BN